# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.06.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി; സമുദ്ര സുരക്ഷയ്ക്കൊപ്പം സാമ്പത്തിക അഭിവൃദ്ധിയും ഉറപ്പാക്കുന്ന ഇന്ത്യൻ മഹാസമുദ്ര മേഖലയാണ് ഇന്ത്യ വിഭാവനം ചെയ്യുന്നതെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi holds talks with Seychelles President Patrick Herminie; says India envisions an Indian Ocean region that ensures economic prosperity along with maritime security.**

2. ആരോഗ്യ കുടുംബക്ഷേമ കൗൺസിലിന്റെ 16-ാമത് സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ ; സമഗ്ര ശിശു ബാൽ സ്വാസ്ഥ്യ കാര്യക്രമം കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ ഉദ്ഘാടനം ചെയ്യും.

   **The 16th Conference of the Central Council of Health and Family Welfare to be held in New Delhi today; Union Health Minister J.P. Nadda to inaugurate the Samagra Shishu Bal Swasthya Karyakram.**

3. സൈനിക പ്രത്യാക്രമണങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ അമേരിക്കയും ഇറാനും തമ്മിൽ ധാരണ.

   **The United States and Iran reach an agreement to temporarily halt military retaliatory strikes.**

4. പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം ഇന്ന് പുനരാരംഭിക്കും.

   **The first session of the 16th Kerala Legislative Assembly reconvenes today.**

5. കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യത; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത; കേരളം- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Widespread rain likely across Kerala; Orange Alert issued for Kannur and Kasaragod districts today; fishing banned along the Kerala, Karnataka and Lakshadweep coasts.**

6. **ഫിഫ ലോകകപ്പ് ഫുട്ബോൾ നോക്കൗട്ട് റൗണ്ടിലെ ആദ്യ മത്സരത്തിൽ ആതിഥേയരായ കാനഡയ്ക്ക് ചരിത്ര വിജയം.**

   **In FIFA World Cup, Hosts Canada Register Historic Win in the opening match of the knockout stage.**

.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PM-SEYCHELLES AWARD

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് 'ഗാർഡിയൻ ഓഫ് ദി ബ്ലൂ ഹൊറൈസൺ' പ്രസിഡൻഷ്യൽ ബഹുമതി സമ്മാനിച്ച് സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനി. ബഹുമതി ലഭിച്ചതിൽ സെയ്ഷെൽസിലെ ജനങ്ങൾക്കും ഭരണകൂടത്തിനും പ്രധാനമന്ത്രി നന്ദി പറഞ്ഞു. സെയ്ഷെൽസിന്റെ ദേശീയ ദിനാഘോഷങ്ങളിലും പ്രധാനമന്ത്രി പങ്കെടുത്തു. ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന പരേഡിൽ നാവിക, കരസേന സംഘങ്ങൾ ഉൾപ്പെടുന്ന ഇന്ത്യൻ മാർച്ചിംഗ് സംഘം അണിനിരന്നു. പോർട്ട് വിക്ടോറിയയിൽ നങ്കൂരമിട്ട, നാവികസേനയുടെ ഐഎൻഎസ് താർകശ്, ഐഎൻഎസ് ഇക്ഷക് കപ്പലുകൾ പരിപാടിയുടെ മുഖ്യ ആകർഷണമായി.

❁❁❁❁❁❁❁❁

## PM - SEYCHELLES(INTRO)

സമുദ്ര സുരക്ഷയ്ക്കൊപ്പം സാമ്പത്തിക അഭിവൃദ്ധിയും ഉറപ്പാക്കുന്ന ഇന്ത്യൻ മഹാസമുദ്ര മേഖലയാണ് ഇന്ത്യ വിഭാവനം ചെയ്യുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ മഹാസമുദ്രത്തെ അവസരങ്ങളുടെ സമുദ്രമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. വിക്ടോറിയയിൽ സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം സംയുക്ത പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷി, ധനകാര്യം, ബഹിരാകാശം, ആരോഗ്യം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും കരാറുകളിൽ ഒപ്പു വച്ചു. സെയ്ഷെൽസിൽ യുപിഐ നടപ്പാക്കാൻ ധാരണയായതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു.

( **VOICE**)

❁❁❁❁❁❁❁❁

## PM MODI – MAURITIUS PM

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ സെയ്ഷെൽസിൽ മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ - മൗറീഷ്യസ് സഹകരണം, പ്രത്യേക സാമ്പത്തിക പാക്കേജിന്റെ നടപ്പാക്കൽ തുടങ്ങിയവ ഇരു നേതാക്കളും അവലോകനം ചെയ്തു. നിലവിലുള്ള ഉഭയകക്ഷി പദ്ധതികൾ മൗറീഷ്യസിന്റെ ആരോഗ്യ സംരക്ഷണം, കണക്റ്റിവിറ്റി, സുസ്ഥിര വികസനം, നീല സമ്പദ്‌വ്യവസ്ഥ എന്നിവയ്ക്ക് സംഭാവന നൽകുമെന്ന് ശ്രീ മോദി പറഞ്ഞു.

❁❁❁❁❁❁❁❁

## NADDA – SSBSK

മൂന്ന് വയസ്സ് വരെയുള്ള കുട്ടികൾക്ക് സംയോജിത ആരോഗ്യ സംരക്ഷണം ഉറപ്പാക്കാനുള്ള സമഗ്ര ശിശു ബാൽ സ്വാസ്ഥ്യ കാര്യക്രമം, ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന ആരോഗ്യ കുടുംബക്ഷേമ കൗൺസിലിന്റെ 16-ാമത് സമ്മേളനത്തിൽ, കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ ഉദ്ഘാടനം ചെയ്യും. കുട്ടികളുടെ അതിജീവനം, വളർച്ച, പോഷകാഹാരം, ആദ്യകാല മസ്തിഷ്ക വികസനം എന്നിവയ്ക്ക് ആദ്യത്തെ മൂന്ന് വർഷം നിർണായകമാണെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പറഞ്ഞു. ദുർബലരായ കുട്ടികളുടെ ആരോഗ്യ നിരീക്ഷണ സംവിധാനം, പ്രസവാനന്തരം മാതാവിൻറെ മാനസികാരോഗ്യ പരിശോധന, ശിശുക്കളുടെ ആദ്യകല വളർച്ച, എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തും.

❁❁❁❁❁❁❁❁

## GOYAL – GREECE

യുകെ സന്ദർശനം പൂർത്തിയാക്കിയ കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ ഗ്രീസ് സന്ദർശിക്കും. 'ദി ഏഥൻസ് സ്റ്റാർട്ടപ്പ് ബിസിനസ് ഇൻക്യൂബേറ്റർ' പരിപാടിയിൽ അദ്ദേഹം പങ്കെടുക്കുമെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റൈസേഷൻ, പ്രതിരോധം, ഭക്ഷ്യ-കാർഷിക മേഖലകൾ എന്നിവയിൽ പുതിയ സഹകരണ സാധ്യതകൾ കണ്ടെത്തുന്നതിനും സ്വകാര്യ മേഖലയിലെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുമായി വ്യവസായ പ്രമുഖരുമായി ഇന്ത്യൻ പ്രതിനിധി സംഘം ചർച്ച നടത്തും.

❁❁❁❁❁❁❁❁

## US – IRAN TALKS

സൈനിക പ്രത്യാക്രമണങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ അമേരിക്കയും ഇറാനും ധാരണയിലെത്തി. ഹോർമുസ് കടലിടുക്കിലെ തർക്കങ്ങൾ പരിഹരിക്കാനുള്ള നിർണായക ചർച്ച നാളെ ഖത്തർ തലസ്ഥാനമായ ദോഹയിൽ പുനഃരാരംഭിക്കും. മേഖലയിൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ സൈനിക നടപടികൾ താൽക്കാലിക വെടിനിർത്തൽ കരാറിനെ പ്രതിസന്ധിയിലാക്കിയിരുന്നു. ഹോർമുസിൽ വാണിജ്യക്കപ്പലിനെ ഇറാൻ ആക്രമിച്ചതിന് പിന്നാലെ ഇറാന്റെ സൈനിക കേന്ദ്രങ്ങൾക്ക് നേരെ അമേരിക്ക ആക്രമണം നടത്തി. തിരിച്ചടിയായി ബഹ്റൈനിലെയും കുവൈത്തിലെയും യുഎസ് സൈനിക താവളങ്ങൾക്ക് നേരെ ഇറാൻ ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും തൊടുത്തതോടെയാണ് സ്ഥിതി വീണ്ടും വഷളായത്.

❁❁❁❁❁❁❁❁

## KERALA ASSEMBLY

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം ഇന്ന് പുനരാരംഭിക്കും. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും രണ്ടു ദിവസങ്ങളിലായി നടക്കും.

❁❁❁❁❁❁❁❁

## CENSUS

സെൻസസ് 2027 ൻറെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം രണ്ട് ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

❁❁❁❁❁❁❁❁

## POLIO – KERALA

ദേശീയ പൾസ് പോളിയോ ദിനമായ ഇന്നലെ രാജ്യത്തുടനീളം പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം സംഘടിപ്പിച്ചു. സംസ്ഥാനതല പരിപാടി ആരോഗ്യ മന്ത്രി കെ മുരളീധരൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ബൂത്തുകളിൽ ഇന്നലെ എത്തിച്ചേരാൻ സാധിക്കാത്തവർക്ക് ഇന്നും നാളെയുമായി ആരോഗ്യ പ്രവർത്തകരും വളണ്ടിയർമാരും വീടുകളിലെത്തി വാക്സിൻ നൽകും.

❁❁❁❁❁❁❁❁

## VIBRANT GUJARAT CONFERENCE

നാലാമത് വൈബ്രന്റ് ഗുജറാത്ത് മേഖലാ സമ്മേളനത്തിന് ഇന്ന് തുടക്കമാകും. വഡോദരയിലെ ജിഎസ്എഫ്സി സർവകലാശാലയിൽ നടക്കുന്ന രണ്ട് ദിവസത്തെ സമ്മേളനത്തിൽ കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ്, മനോഹർ ലാൽ ഖട്ടർ, മൻസുഖ് മാണ്ഡവ്യ എന്നിവർ പങ്കെടുക്കും. ജപ്പാൻ, സിംഗപ്പൂർ, യുഎഇ, ഉക്രെയ്ൻ, റുവാണ്ട തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള 150 ലേറെ പ്രതിനിധികളും സമ്മേളനത്തിന്റെ ഭാഗമാകും.

## FIFA-KNOCKOUT STAGE

ഫിഫ ലോകകപ്പ് ഫുട്ബോളിന്റെ നോക്കൗട്ട് റൗണ്ടിലെ ആദ്യ മത്സരത്തിൽ ആതിഥേയരായ കാനഡയ്ക്ക് ചരിത്ര വിജയം. അമേരിക്കയിലെ ലോസ് ആഞ്ചലസിൽ നടന്ന മത്സരത്തിൽ ഏകപക്ഷീയമായ ഒരു ഗോളിനാണ് കാനഡ ദക്ഷിണാഫ്രിക്കയെ കീഴ്പ്പെടുത്തിയത്. പ്രീക്വാർട്ടറിൽ നെതർലൻഡ്സ്–മൊറോക്കോ മത്സരത്തിലെ വിജയികളെ കാനഡ നേരിടും. 32 ടീമുകൾ മാറ്റുരയ്ക്കുന്ന നോക്കൗട്ട് റൗണ്ടിൽ ഇന്ന് രാത്രി 10.30ന് ബ്രസീൽ ജപ്പാനെ നേരിടും. നാളെ പുലർച്ചെ രണ്ടിന് ജർമനി പരാഗ്വേയുമായി ഏറ്റുമുട്ടും.

## MENS HOCKEY-FIH PRO LEAGUE

എഫ്ഐഎച്ച് പ്രോ ലീഗ് ഹോക്കിയിൽ ഇംഗ്ലണ്ടിനെ കീഴടക്കി ഇന്ത്യക്ക് ആവേശകരമായ വിജയം. ലണ്ടനിൽ ഇന്നലെ നടന്ന മത്സരത്തിൽ നിശ്ചിത സമയത്ത് ഇരുടീമുകളും ഗോളൊന്നും നേടാതെ വന്നതോടെ, പെനാൽറ്റി ഷൂട്ടൗട്ടിൽ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് ഇന്ത്യയുടെ വിജയം.

## HIGHER SECONDARY (INTRO)

കേരളത്തിൽ ഒന്നാം വർഷ ഹയർ സെക്കണ്ടറി ക്ലാസുകൾ ജൂലൈ ആറിന് ആരംഭിക്കും. ഏകജാലക സംവിധാനം വഴിയുള്ള ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ പുരോഗമിക്കുകയാണ്.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(വോയ്സ്)

## RAIN KERALA

കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁

## MULLAPERIYAR

മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച് ഇന്ന് മൂന്നാറിൽ അന്തർ സംസ്ഥാന ചർച്ച നടക്കും. ജലവിഭവ-പാർലമെൻററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ചർച്ച.

❁❁❁❁❁❁❁❁

## IMD-WEATHER

അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് പശ്ചിമ ബംഗാളിലും സിക്കിമിലും കേന്ദ്ര കാലാവസ്ഥാ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അടുത്ത മൂന്ന് ദിവസത്തിനുള്ളിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, ബിഹാർ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളുടെ കൂടുതൽ ഭാഗങ്ങളിലേക്ക് വ്യാപിക്കുമെന്നാണ് മുന്നറിയിപ്പ്.

❁❁❁❁❁❁❁❁

## ASSAM FLOOD

അസമിൽ വെള്ളപ്പൊക്കം രൂക്ഷം. ധേമാജി ജില്ലയിലും അയൽ സംസ്ഥാനമായ അരുണാചൽ പ്രദേശിലും ദിവസങ്ങളായി പെയ്യ കനത്ത മഴയെ തുടർന്ന് അന്തർ സംസ്ഥാന അതിർത്തിയിലെ നദികളിൽ ജലനിരപ്പ് ഉയർന്നിട്ടുണ്ട്. ഏകദേശം 60 കുടുംബങ്ങൾ ഒറ്റപ്പെട്ടു.

❁❁❁❁❁❁❁❁

## India rejected allegations

കറാച്ചിയിലുണ്ടായ ആക്രമണവുമായി ബന്ധപ്പെട്ട് പാകിസ്ഥാൻ ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ഇന്ത്യ. മറ്റുള്ളവർക്ക് നേരെ വിരൽ ചൂണ്ടുന്നതിന് പകരം പാകിസ്ഥാൻ സ്വന്തം രാജ്യത്തേക്ക് തിരിഞ്ഞുനോക്കണമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. സ്വന്തം മണ്ണിൽ

പ്രവർത്തിക്കുന്ന ഭീകര ശൃംഖലകൾക്കെതിരെ നടപടി സ്വീകരിക്കാൻ പാകിസ്ഥാൻ തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.